## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലെപ്പ്മെന്റ്
## പ്രജോ ടവേഴ്സ്, വഴുതക്കാട്
## തിരുവനന്തപുരം - 14

നമ്പർ.ഇബി3/1909/2020/എച്ച്.ആർ.ഡി (4) തീയതി, 25.02.2020

# പരിപത്രം

**വിഷയം :-** ഐ.എച്ച്.ആർ.ഡി – 14-ാം കേരളനിയമസഭയുടെ 19-ാം സമ്മേളനം – നിയമസഭാ സമ്മേളനകാലത്ത് പാലിക്കേണ്ട നടപടി ക്രമങ്ങൾ/ക്രമീകരണങ്ങൾ – സംബന്ധിച്ച്

സൂചന:- 22.02.2020 തീയതിലെ പി1/90/2020/ഉവി.വ. എന്ന നമ്പർ സർക്കാർ കത്ത്.

14-ാം കേരളനിയമസഭയുടെ 19-ാം സമ്മേളനകാലത്ത് നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടികൾ നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ തന്നെ ലഭ്യമാക്കേണ്ടതാണെന്നും നിയമസഭ സമ്മേളനകാലത്ത് ഉത്തരവാധിത്വപ്പെട്ട ഉദ്യോഗസ്ഥർ മുഴുവൻ സമയവും ഓഫീസിൽ ഹാജരുണ്ടായിരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചു കൊള്ളുന്നു. സമ്മേളന കാലയളവ് 2020 മാർച്ച് മാസം 2 -ാം തീയതി മുതൽ ഏപ്രിൽ മാസം 8 -ാം തീയതി വരെയാണ്.

ഐ.എച്ച്.ആർ.ഡി യുമായി ബന്ധപ്പെട്ട നിയമസഭാ ചോദ്യങ്ങളുടെ പകർപ്പ് നിയമസഭയുടെ വെബ് സൈറ്റിൽ (www.niyamasbha.org) നിന്നും ഡൗൺലോഡ് ചെയ്ത് ഉത്തരങ്ങൾ നിർദ്ദിഷ്ട സമയപരിധിയക്കുള്ളിൽ ഡയറക്ടർക്ക് എത്തിക്കേണ്ടതാണ്.

നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടികൾ സർക്കാരിന് യഥാസമയം ലഭ്യമാക്കേണ്ടതിന് ഉത്തരങ്ങൾ നിർദ്ദിഷ്ട സമയത്തിനുള്ളിൽ ഐ.എച്ച്.ആർ.ഡി ഹെഡ് കോർട്ടേസിൽ ലഭ്യമാക്കാൻ പ്രിൻസിപ്പൽമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് ഇതിനാൽ നിർദ്ദേശിച്ചു കൊള്ളുന്നു.

ഡോ. പി. സുരേഷ് കുമാർ
ഡയറക്ടർ

പകർപ്പ്

1. എല്ലാ സ്ഥാപന മേധാവികൾക്കും
2. അഡീഷണൽ ഡയറക്ടർ
3. ഡെപ്യൂട്ടി ഡയറക്ടർ
4. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
5. ഫിനാൻസ് ഓഫീസർ /അഡ്മിനിസ്ട്രറ്റീവ് ഓഫീസർ
6. കരുതൽ ഫയൽ
7. ഓഫീസ് പകർപ്പ്

*jj....24.02.2020*